LIBRARY ARCHIVES Kerala Legislative Assembly

ജീവപര്യന്തം തടവുകാരുടെ മോചന ശുപാർശ

25 [3076] ശ്രീ. കോടിയേരി ബാലകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നിലവിൽ പ്രിസൺ റിവ്യൂ കമ്മിറ്റി പ്രവർത്തിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ എന്നാണ് ഈ കമ്മിറ്റി രൂപീകരിച്ചതെന്ന് വ്യക്തമാക്കാമോ;

(ബി) ഈ കമ്മിറ്റി എത്ര ജീവപര്യന്തം തടവുകാരെ മോചിപ്പിക്കുന്നതിനാണ് ശുപാർശ നൽകിയിട്ടുള്ളതെന്നും അവരാരൊക്കെയെന്നും വ്യക്തമാക്കുമോ;

(സി) ഇവരെ എന്നത്തേക്ക് വിടുതൽ ചെയ്യാൻ കഴിയുമെന്ന് പറയാമോ;

(ഡി) ഇത്തരത്തിൽ വിടുതൽ ചെയ്യുന്നതിനുള്ള മാനദണ്ഡം വിശദമാക്കാമോ?

ഉത്തരം

(എ) ഉണ്ട്. 31-3-2004-ലെ ജി.ഒ. (എം.എസ്.) 130/2004/ഹോം എന്ന ഉത്തരവ് പ്രകാരം.

(ബി ആന്റ് സി) 134 തടവുകാരെ മോചിപ്പിക്കുന്നതിന് ശുപാർശ ചെയ്തിട്ടുണ്ട്. ശുപാർശ സർക്കാർ പരിശോധിച്ചു വരുന്നു. അന്തിമ തീരുമാനം കൈക്കൊണ്ടിട്ടില്ല.

(ഡി) ജീവപര്യന്തം ശിക്ഷയ്ക്ക് വിധിക്കപ്പെട്ട് ജയിലുകളിൽ കഴിയുന്നവരിൽ അധികാരപ്പെട്ട കോടതി അനുവദിച്ച സെറ്റ് ഓഫ് ഉൾപ്പെടെ എട്ടു വർഷം ശിക്ഷ പൂർത്തിയാക്കിയവരേയും കുറ്റകൃത്യത്തിന്റെ സ്വഭാവം, തടവുകാരന്റെ വിടുതൽ, സമൂഹത്തിൽ ഉണ്ടാക്കാവുന്ന പ്രത്യാഘാതങ്ങൾ തുടങ്ങിയ കാര്യങ്ങൾ പരിഗണിച്ച്, മോചിപ്പിക്കപ്പെട്ടാൽ അത് തടവുകാരന്റെ സാമൂഹ്യമായ പരിവർത്തനത്തിനും പുനരധിവാസത്തിനും ഗുണകരമാകുമെന്ന് ബോധ്യപ്പെടുന്നവരേയും, ശിക്ഷാ കാലാവധിക്കു മുമ്പ് മോചിപ്പിക്കാൻ പ്രിസൺ റിവ്യൂ കമ്മിറ്റിക്കു ശുപാർശ ചെയ്യാം. ടി ശുപാർശ വിശദമായ പരിശോധനയ്ക്കുശേഷം സർക്കാരിന് തീരുമാനമെടുക്കാവുന്നതാണ്.

ജയിലിൽ കിടന്നു മരിക്കാനിടയാകുന്ന തടവുകാർ

26 [3077] ശ്രീ. എ. എ. അസീസ്:

,, കോവൂർ കുഞ്ഞുമോൻ: താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം സംസ്ഥാനത്തെ ജയിലുകളിൽ ഏതെങ്കിലും തടവുകാർ മരണമടഞ്ഞിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

യു.ഡി.എഫ്. സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 2005 മാർച്ച് 15 വരെ ജയിലുകളിൽ വച്ച് 4 തടവുകാർ മരണപ്പെട്ടിട്ടുണ്ട്. ജയിലുകളിൽ നിന്ന് ചികിൽസയ്ക്കായി ആശുപത്രികളിൽ അയച്ചവരിൽ 154 പേരും പരോളിൽ പോയപ്പോൾ 4 പേരും ആശുപത്രിയിലേക്ക് കൊണ്ടുപോകുന്നവഴിയ്ക്ക് ഒരാളും ഉൾപ്പെടെ ആകെ 163 തടവുകാർ മരണമടഞ്ഞിട്ടുണ്ട്.

ജീവപര്യന്തം തടവുകാരെ മോചിപ്പിക്കുന്നതിനുള്ള നടപടിക്രമം

27 [3078] ശ്രീ. എ. എ. അസീസ്:

„ കോവൂർ കുഞ്ഞുമോൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ ഗവൺമെന്റ് അധികാരമേറ്റശേഷം എത്ര ജീവപര്യന്തം തടവുകാരെ വിട്ടയച്ചിട്ടുണ്ട്;

(ബി) തടവുകാരെ മോചിപ്പിക്കുന്നതിനും പരോൾ അനുവദിക്കുന്നതിനും സ്വീകരിച്ചുവരുന്ന നടപടിക്രമങ്ങൾ എന്തൊക്കെയാണ്;

(സി) തടവുകാരെ മോചിപ്പിച്ചതിനും പരോൾ അനുവദിച്ചതിലും വിവേചനം കാട്ടിയതായി സർക്കാരിന് പരാതി വല്ലതും ലഭിച്ചിട്ടുണ്ടോ?

ഉത്തരം

(എ) യു.ഡി.എഫ്. സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 20 ജീവ പര്യന്തം തടവുകാരെ വിട്ടയച്ചിട്ടുണ്ട്.

(ബി) ഉത്തരം അനുബന്ധമായി ചേർക്കുന്നു. †

(സി) തടവുകാരെ മോചിപ്പിച്ചതിനും പരോൾ അനുവദിച്ചതിലും വിവേചനം കാട്ടിയതായി ഈ സർക്കാർ അധികാരമേറ്റശേഷം പരാതിയൊന്നും ലഭിച്ചിട്ടില്ല.

ആധുനിക ഉപകരണങ്ങൾ ഉപയോഗിച്ചുള്ള കുറ്റാന്വേഷണ സമ്പ്രദായം

28 [3079] ശ്രീ. പി. കെ. കെ. ബാവ:

„ സി. മമ്മൂട്ടി:

„ ടി. പി. എം. സാഹിർ:

„ പി. കെ. അബ്ദുറബ്ബ്:

„ കെ. എൻ. എ. ഖാദർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പോലീസ് സേനയുടെ നവീകരണത്തിന്റെ ഭാഗമായി അവർക്കു നൽകുന്ന ട്രെയിനിംഗിൽ ആധുനിക ഉപകരണങ്ങൾ ഉപയോഗിച്ചുള്ള കുറ്റാന്വേഷണ സമ്പ്രദായം ഉൾപ്പെടുത്തിയിട്ടുണ്ടോ;

† അനുബന്ധം VI കാണുക.